## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1723** **5/12/2014** ൽ മറുപടിയ്ക്ക്

# സർക്കാർ തലത്തിൽ റബ്ബർ സംഭരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ സുരേഷ് കുറുപ്പ്<br>" ഇ. പി. ജയരാജൻ<br>" രാജു എബ്രഹാം<br>" സാജു പോൾ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റബ്ബർ കർഷകരിൽ നിന്നും റബ്ബർ സംഭരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | റബ്ബർ സംഭരണത്തിലൂടെ ലക്ഷ്യമിട്ടത് എന്തായിരുന്നു; ഈ ലക്ഷ്യം ഏത് അളവുവരെ നേടാനായി എന്നറിയിക്കാമോ: | (ബി) | വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിലൂടെ ലക്ഷ്യമിട്ടിരുന്നത്, ആർ എസ് എസ് 4 ഗ്രേഡിലുള്ള റബ്ബറിന്റെ വില 171 രൂപ എത്തുന്നതുവരെ സംഭരണം തുടരാനായിരുന്നു. സംഭരണത്തിലൂടെ ഒരു പരിധിവരെ വിലയിടിവ് നിയന്ത്രിക്കാനും കർഷകർക്ക് ന്യായവില ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. |
| (സി) | വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ച റബ്ബർ സംഭരണ പരിപാടികളിലൂടെ ഈ വർഷം സംഭരിച്ച റബ്ബറിന്റെ കണക്ക് ലഭ്യമാണോ; വിശദാംശങ്ങൾ നൽകാമോ; | (സി) | 27/11/2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ തലത്തിൽ റബ്ബർ സംഭരിക്കാനുള്ള നടപടി ഫലപ്രദമാണോ;റബ്ബർ വിലയിൽ ഇത് പ്രതിഫലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | റബ്ബർ സംഭരണ നടപടി ഫലപ്രദമാണ്. എന്നാൽ റബ്ബർ ഒരു വ്യാവസായിക വിളയായതിനാലും വില അന്താ:രാഷ്ട്ര വിപണിയെ ആശ്രയിച്ചിരിക്കുന്നതിനാലും റബ്ബർ വില കാര്യമായി ഉയരുന്നില്ല. |

**സെക്ഷൻ ഓഫീസർ**